# ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : രാജേഷ് രവീന്ദ്രൻ ഐ.എഫ്.എസ്.

വിഷയം: വനം വകുപ്പ് - കോവിഡ് 19 മായി ബന്ധപ്പെട്ട നിയന്ത്രണങ്ങളുടെയും പൂർണ്ണ / ഭാഗിക അടച്ചിടൽ - ജോലി ക്രമീകരണം - സംബന്ധിച്ച്

സൂചന:
1. സർക്കാരിന്റെ 20.03.2020 ലെ സ.ഉ. (സാധാ) നമ്പർ 1247/2020/പൊ.ഭ.വ.
2. സർക്കാരിന്റെ 18.03.2020 ലെ എസ്.എസ്.1/50/2020 പൊ.ഭ.വ. നമ്പർ പരിപത്രം

**ഉത്തരവ് നമ്പർ ഇ6-1768/2020 തീയതി 23.03.2020**

സംസ്ഥാനത്ത് നിലവിലുള്ള കോവിഡ് 19 സാഹചര്യവും സർക്കാർ നിർദ്ദേശങ്ങളുടെയും പശ്ചാത്തലത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി പാലിക്കേണ്ടതാണ്.

1. രോഗവ്യാപനം തടയുന്നതിനായി വനം പകുപ്പ് ഓഫീസുകളിലെ ജോലിസമയം ജീവനക്കാരുടെ ഹാജർ തുടങ്ങിയവ സംബന്ധിച്ച് സ.ഉ. നമ്പർ 1247/2020/പൊ.ഭ.വ., തീയതി 20.03.2020 പ്രകാരമുള്ള ക്രമീകരണങ്ങൾ അതാത് ഓഫീസ് മേധാവികൾ ഏർപ്പെടുത്തേണ്ടതാണ്.
2. എല്ലാ ഓഫീസുകളിലും സന്ദർശകരെ നിയന്ത്രിക്കേണ്ടതാണ്.
3. ജീവനക്കാരെയും സന്ദർശകരെയും തെർമൽ സ്കാനർ ഉപയോഗിച്ച് പരിശോധിച്ചശേഷം കടത്തിവിടേണ്ടതാണ്.
4. ജീവനക്കാർ കൂടിച്ചേരുന്ന പരിപാടികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.
5. അവധി ക്രമീകരണത്തിന്റെ ഭാഗമായി ഓഫീസിൽ വരാത്തവർ ടെലിഫോൺ / മൊബൈൽ ഫോൺ വഴി എപ്പോഴും ലഭ്യമായിരിക്കേണ്ടതാണ്.
6. വാഷ് റൂമുകളിൽ സോപ്പ്, സാനിട്ടൈസർ, വെള്ളം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

7. ജോലി ക്രമീകരണത്തിന്റെ ഭാഗമായി ഓഫീസിലെത്തേണ്ട ജീവനക്കാർ തങ്ങളുടെ ആരോഗ്യം സംരക്ഷിക്കേണ്ട നടപടികൾ കർശനമായും സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലും രീതിയിലുള്ള അസ്വാസ്ഥ്യം അനുഭവപ്പെടുന്നുണ്ടെങ്കിൽ മേലുദ്യോഗസ്ഥനെ വിവരം ധരിപ്പിച്ച് തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

8. ജീവനക്കാരും പൊതുജനങ്ങളും സ്പർശിക്കുവാൻ സാധ്യതയുള്ള ഇടങ്ങൾ കൃത്യമായ ഇടവേളകളിൽ അണുവിമുക്തമാക്കേണ്ടതാണ്.

ഇക്കാര്യത്തിൽ സംരക്ഷണ വിഭാഗം ജീവനക്കാർക്കുള്ള നിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)

പകർപ്പ്: